ഡിപ്പോ എഞ്ചിനീയറുടെ നിയമന രീതി

117 [3126] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഡിപ്പോ എഞ്ചിനീയറുടെ എത്ര തസ്തികയുണ്ടെന്നും അവയുടെ നിയമന രീതി എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ തസ്തികയിൽ നേരിട്ടുള്ള നിയമനമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) നേരിട്ടുള്ള നിയമനത്തിനുവേണ്ടിയുള്ള ഒഴിവുകൾ എപ്രകാരമാണ് നികത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിയമനം നടത്തുന്നതിനായി പി.എസ്.സി.-യെ ഒഴിവാക്കി സ്വതന്ത്ര സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തതിനു പിന്നിലെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിപ്പോ എഞ്ചിനീയറുടെ 35 തസ്തികകൾ ഉണ്ട്. നേരിട്ടെടുത്ത അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയറൻമാരിൽനിന്നും പ്രൊമോഷൻ കിട്ടിവന്ന അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയറൻമാരിൽനിന്നും 1 : 1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നൽകി നിയമിക്കുകയാണ് പതിവ്.

(ബി) ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലില്ല. മാനേജ്മെന്റും, യൂണിയൻ പ്രതിനിധികളുമായുണ്ടാക്കിയ ബൈലാറ്ററൽ എഗ്രിമെന്റ് മാത്രമേയുള്ളൂ.

(സി) 25% തസ്തികകൾ നേരിട്ടു നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ നിയോഗിച്ച യു.ഡി.എഫ്. ഉന്നതാധികാര സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ഇവ ഉത്തരവായി നടപ്പിലാക്കാൻ കോർപ്പറേഷന് നിർദ്ദേശം നൽകുകയും ചെയ്തു. കോർപ്പറേഷന്റെ മിഡിൽ-മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനായി എ.ടി.ഒ., എ.ഒ., ഡി.ഇ. തസ്തികകളിലേയ്ക്ക് നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും 25% നേരിട്ടു നിയമനം നടത്തുക എന്നതാണ് ഒരു ശുപാർശ. ഈ സാഹചര്യത്തിലാണ് എ.ടി.ഒ., എ.ഒ. തസ്തികകളോടൊപ്പം 25% ഡി.ഇ. തസ്തികളിലേയ്ക്കും നേരിട്ട് നിയമനം നടത്താൻ നടപടി എടുത്തത്.

(ഡി) 18 വയസ്സ് പൂർത്തിയായ എന്നാൽ 35 വയസ്സ് കഴിയാത്ത എൽ.എം.വി. ലൈസൻസുള്ള ബി.ടെക്. മെക്കാനിക്കൽ/ആട്ടോ മൊബൈൽ എൻജിനീയറിംഗ് ബിരുദധാരികളിൽനിന്നും അപേക്ഷ സ്വീകരിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പരീക്ഷ നടത്തി കോർപ്പറേഷൻ ബോർഡ് നിയോഗിക്കുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡിപ്ലോ എൻജിനീയർമാരുടെ നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുത്തിട്ടില്ല. 7-5-1981-ൽ ജി.ഒ. (എം. എസ്.) നം. 148/81/ജി.എ.ഡി. ഗവൺമെന്റ് ഉത്തരവ് പ്രകാരം 700 രൂപയ്ക്ക് മുകളിൽ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ പി.എസ്.സി.-യുടെ നിയമന പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ഉത്തരവ് കെ.എസ്.ആർ.ടി.സി.-യ്ക്കും ബാധകമാണ് എന്ന് ഗവൺമെന്റ് അറിയിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ ഫോർമാന്റെ (ഡിപ്ലോ എൻജിനീയർ) അടിസ്ഥാന ശമ്പളം 700 രൂപയ്ക്ക് മുകളിലാണ്. ഈ സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കാനാണ് നേരിട്ടുള്ള നിയമനത്തിൽനിന്നും പി.എസ്.സി.-യെ ഒഴിവാക്കിയത്.

കെ.എസ്.ആർ.ടി.സി. വർക്ക് അസിസ്റ്റന്റ് നിയമനം

118 [3127] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് കാലാവധി അവസാനിക്കുമെന്ന് വ്യക്തമാക്കുമോ; നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ തസ്തികയിലേയ്ക്ക് 1998-ലെ പി. എസ്. സി. വിജ്ഞാപനം അനുസരിച്ച് എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്; ലിസ്റ്റ് നിലവിൽ വരുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു;

(സി) റാങ്ക്‌ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റെന്തെങ്കിലും മാർഗ്ഗത്തിലൂടെ നിയമനങ്ങൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വർക്ക് അസിസ്റ്റന്റ് തസ്തികയുടെ പ്രമോഷൻ തസ്തികയായ മെക്കാനിക് തസ്തികയിലേക്ക് ഇപ്പോൾ ഏതെങ്കിലും തരത്തിൽ നേരിട്ടുള്ള നിയമനങ്ങൾ സ്ഥിരമായോ താൽക്കാലികമായോ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) മെക്കാനിക് നിയമനം ഇങ്ങനെ നടത്തിയിട്ടുണ്ടെങ്കിൽ ഏത് സർക്കാർ ഉത്തരവ്പ്രകാരമാണെന്ന് വ്യക്തമാക്കുമോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly